(ഡി) 2011 മുതൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വന്നിരുന്നവരെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 എന്ന തസ്തികയിലാണ് സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുള്ളത്. ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർക്കുന്നു.* പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 വിഭാഗത്തിൽ 158 തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 125 പേർക്കാണ് സ്ഥിര നിയമനം നൽകിയത്.

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

കുടിവെള്ളത്തിന്റെ ഗുണനിലവാരം

15 (2566) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിന്റെയും വാഹനത്തിൽ വിതരണംചെയ്യുന്ന കുടിവെള്ളത്തിന്റെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കുടിവെള്ളം പരിശോധിക്കുന്നതിന് ആവശ്യമായ ലാബുകളുടെ പരിമിതി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസോ/രജിസ്ട്രേഷനോ ഉള്ളതും BIS certificate ഉള്ളതുമായ സ്ഥാപനങ്ങൾക്ക് മാത്രമേ കുപ്പിയിലാക്കി കുടിവെള്ളം വിതരണം നടത്തുവാൻ സംസ്ഥാനത്ത് അനുമതി നൽകാറുള്ളൂ. 2011-ലെ Food Safety & Standards (Food Products Standards & Food Additives) Regulation-ലെ 2-10-2008-ൽ ആയത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. വാഹനത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ 11-1-2013-ലെ എ-1/13/ സി.എഫ്.എസ്. നമ്പർ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിലും പത്തനംതിട്ടയിൽ പ്രവർത്തിക്കുന്ന ജില്ലാ ലാബിലും കുടിവെള്ളം പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനം നിലവിലുണ്ട്.

കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുന്നതിന് നടപടികൾ

16 (2567) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) കുടിവെള്ളത്തിന്റെ ഉറവിട കേന്ദ്രങ്ങളിലെ മലിനീകരണം തടയുന്നതിന് പ്രത്യേകം പരിശോധനാ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) ടാങ്കർ ലോറികളിലൂടെയുള്ള ശുദ്ധജല വിതരണത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന കുടിവെള്ളം ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. നിശ്ചിത നിലവാരമില്ലാത്ത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ വിതരണം നടത്തുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും ചട്ടത്തിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) കുടിവെള്ളത്തിന്റെ ഉറവിട കേന്ദ്രങ്ങളിൽനിന്ന് ഉൾപ്പെടെയുള്ള സാമ്പിളുകൾ നിലവിൽ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നതും അവ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായോ മാലിന്യങ്ങളുള്ളതായോ കണ്ടെത്തുന്നപക്ഷം ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും ചട്ടത്തിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) വാഹനത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ, 11-1-2013-ലെ എ-1/13/സി.എഫ്.എസ്. നമ്പർ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly